5150/15 2469

**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1114** **01/07/2015 ൽ മറുപടിയ്ക്ക്**

## സർക്കാർ വിദ്യാലയങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.കെ.കെ.നാരായണൻ | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് സർക്കാർ വിദ്യാലയങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തിയിട്ടാണോ പുതിയ അദ്ധ്യയന വർഷം ക്ലാസ്സുകൾ ആരംഭിച്ചിട്ടുള്ളത്; | എ) | അതെ |
| ബി) | പുനരുദ്ധാരണ പ്രവൃത്തികൾ നടക്കാത്തതു കാരണം സംസ്ഥാനത്ത് ഏതെങ്കിലും സ്കൂളുകൾ തുറക്കാൻ കഴിയാത്ത സ്ഥിതിയുണ്ടായിട്ടുണ്ടോ; | ബി) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി AEO യുടെ കീഴിൽ കോടതി വിധിയുടെ ഭാഗമായി ഒരു സ്കൂൾ തുറക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. |
| സി) | ശൗചാലയങ്ങളില്ലാതെ എത്ര സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; ഇവ ഈ അദ്ധ്യയന വർഷവും തുറന്ന് പ്രവർത്തിക്കുന്നുണ്ടോ; | സി) | ശൗചാലയങ്ങളില്ലാതെ മലപ്പുറം ജില്ലയിലെ ജി.എം.എൽ.പി.എസ്.വടക്കുംമുറി എന്ന സ്കൂൾ പ്രവർത്തിക്കുന്നുണ്ട്; ഉണ്ട്. |
| ഡി) | കുടിവെള്ളമുൾപ്പെടെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് വിവിധ ഇനങ്ങളിലായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; ഇതിൽ എന്ത് തുക ഇതിനകം ചെലവഴിച്ച എന്ന് വെളിപ്പെടുത്താമോ? | ഡി) | ആർ.എം.എസ്.എ യുടെ 2014-15 വാർഷിക പദ്ധതി പ്രകാരം എല്ലാ സർക്കാർ സ്കൂളുകൾക്കും സ്കൂൾ ഗ്രാന്റ് ആയി 50000/- രൂപയും മൈനർ റിപ്പയർ ഗ്രാന്റായി 25,000/- രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിനിയോഗിച്ചിട്ടുണ്ട്. പ്രാഥമിക സൗകര്യങ്ങളുടെ അഭാവം നേരിടുന്ന 220 വി.എച്ച്.എസ്.ഇ സ്കൂളുകളിൽ കുടിവെള്ളം, ടോയലറ്റ്, യൂറിനലുകൾ എന്നിവ നിർമ്മിക്കുന്നതിന് 2012-13 സാമ്പത്തിക വർഷം 377 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചു. ടി |

തുകയിൽ നിന്നും എല്ലാ ജില്ലാ കളക്ടർമാർക്കും അതാത് ജില്ലയിലെ സ്കൂളുകൾക്ക് വേണ്ട തുക ഡി.ഡി ആയി റിലീസ് ചെയ്തിട്ടുണ്ട്. 8ഗവ. വി.എച്ച്. എസ്.ഇ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന് 400 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചു. ഗവ.വി.എച്ച്.എസ്.എസ് ചെട്ടിയ കിണാറിന് 1,00,00,000/– രൂപയും ഗവ.(ഗേൾസ്) വി.എച്ച്.എസ്.ഇ സ്കൂൾ വേങ്ങരയ്ക്ക് 88,20,565 രൂപയും കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചു. കൂടാതെ 2014 ലെ പ്ലാൻ ഫണ്ടിൽ നിന്നും 8 ഗവ.വി.എച്ച്.എസ് സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന് 400 ലക്ഷം രൂപയും അനുവദിച്ചു.

സെക്ഷൻ ഓഫീസർ